# വഴികൾ

കെ. മുബാറക് അലി

**പിറന്നതുമുതൽ**
പോരാടാൻ തുടങ്ങിയതാണ്.
പുറത്തേക്കുള്ള വഴിയെവിടെ?
ഓടിയോടി വിയർത്ത്
കിതപ്പുമാറ്റാൻ നിന്നപ്പോ
ഒരപരിചിതൻ പുറത്തുതട്ടി
പറഞ്ഞു: "സുഹൃത്തേ,
നാം സുരക്ഷാ വലയത്തിലാണ്."
■

# വിശ്വാസം

നസീം പുന്നയൂർ

**കാറ്റുവന്നു**
കാതിലോതി
കടലിളകും
കരുതിയിരിക്കുക!

കടൽതിര പയ്യെ
കാതിൽ ചൊല്ലിയതോ
കാറ്റടിക്കും കൊടുങ്കാറ്റു
കരുതിയിരിക്കുക!!

ഞാൻ ആരെ വിശ്വസിക്കും
കാറ്റിനേയോ
കടലിനേയോ.
■



# സാധ്യതകൾ

ബാബു കുറ്റ്യാടി

**ഭൂമിയുടെ അവകാശികൾക്ക്**
ചിതയൊരുക്കാം.
നീരുറവകളുടെ മുടിയഴിച്ച്
പുഴകളെ കുപ്പിയിലാക്കാം.
ഉർവരതകൾക്ക് വിഷം നൽകി
ചരിത്രം വിലക്കു വാങ്ങാം
ഹരിതാഭകളുടെ ഡയറക്ട് മാർക്കറ്റിംഗിന്
സാധ്യതകളാരാഞ്ഞ്
അമ്ലമഴത്തുള്ളികളാൽ
ഭൂമിക്ക്
ജലസമാധി തീർക്കാം.
വേപ്പും മഞ്ഞളും തൊടിയിലെക്കൊന്നയും
പടിയിറങ്ങിപ്പോകുംവരെ
ഒറ്റച്ചോദ്യവും
ചോദിക്കാതിരിക്കുക.
അവസാനത്തെ മരത്തണലും
മാഞ്ഞുപോകുംവരെ
കോടാലിക്കൈകളുയരും വരെ
കാത്തിരിക്കുക
ഒറ്റുകാരന്റെ അടയാളങ്ങൾ
നമ്മുടെ കണ്ണടക്കുള്ളിലാണല്ലൊ!

Vol. No: 69 Issue No. 39 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust
Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid